## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1437 | 06.03.2020-ൽ മറുപടിയ്ക്ക് |
|---|---|
| **തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ പ്ലാസ്റ്റിക് നിരോധനം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.അനിൽ അക്കര** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച ശേഷം തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ എത്ര പ്ലാസ്റ്റിക് നിയമലംഘന കേസ്സുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ഏഴ് കേസുകൾ റിപ്പോർട്ട് ചെയ്തിരുന്നു. ഈ ഇനത്തിൽ 20,000/- രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. 5 പേർക്ക് നോട്ടീസ് നൽകി പിഴ ചുമത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. മറ്റ് നിയമ നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) | ഈ ഇനത്തിൽ എത്ര തുക പിഴയായി ഈടാക്കിയെന്നും എത്ര പേർക്കെതിരെ നിയമനടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കുമോ; | | |
| (സി) | പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാക്കുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ? | (സി) | തൃശ്ശൂർ കോർപറേഷൻ പരിധിയിൽ എല്ലാ തരം പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകളും നിരോധിക്കുന്നതിനായുള്ള 31/08/2019 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം, കോർപ്പറേഷൻ തലത്തിൽ പ്ലാസ്റ്റിക് നിരോധന കമ്മിറ്റി രൂപീകരിച്ചു. ഇതിനോടനുബന്ധിച്ച് വ്യാപാരി വ്യവസായി സംഘടന, ഹോട്ടൽ റസ്റ്റോറന്റ് അസോസിയേഷൻ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ പ്രമുഖ ട്രേഡ് യൂണിയൻ പ്രതിനിധികൾ, കുടുംബശ്രീ, സി.ഡി.എസ്, ഹാളുകളുടെ ഉടമസ്ഥർ, കാറ്ററിംഗ് യൂണിറ്റ്, ഹോസ്പിറ്റൽ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് ചേർത്തു. പ്ലാസ്റ്റിക് നിരോധനം, മാലിന്യ സംസ്കരണം എന്നിവ സംബന്ധിച്ച ക്വിസ് മത്സരങ്ങൾ, കോർപ്പറേഷൻ വാഹനങ്ങളിൽ പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ നടത്തി. പൊതുജനങ്ങൾക്കും വ്യാപാരികൾക്കും ബോധവത്ക്കരണ ക്ലാസുകൾ നടത്തി. സ്കൂളുകളിൽ ഇതിനോടനുബന്ധിച്ചുള്ള ബോധവൽക്കരണ നടപടികൾ സ്വീകരിച്ച് വരുന്നു. തണൽ, കോസ്റ്റ് ഫോർഡ്, 'പ്രകൃതി കൂട്ടായി' എന്നീ സംഘനകളെക്കൂടി ഉൾപ്പെടുത്തി സ്കൂളുകളിൽ പ്രചരണം നടത്തുന്നതിനായി ബോധവത്കരണ ക്ലാസ്സ് എടുക്കുന്നവർക്ക് 1 ദിവസത്തിന് 500/- രൂപ റിഫ്രെഷ്മെന്റ് ചാർജ്ജ് ഇനത്തിൽ നൽകുന്നതിനും ഫ്ളാഷ് മോബ് നടത്തുന്ന കോളേജ് വിദ്യാർത്ഥികൾക്ക് റിഫ്രെഷ്മെന്റ് ചാർജ് നൽകുന്നതിനും ബദൽ സംവിധാനങ്ങൾ പ്രദർശിപ്പിക്കുന്നതിന് 5-ാം സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ് മുൻവശം, നടുവിലാൽ ഫുഡ് കോർട്ടിന് മുൻവശം, ശക്തൻ കോർപ്പറേഷൻ വക ഹോട്ടലിന് മുൻവശം, പോസ്റ്റ് ഓഫീസ് നിന്നിരുന്ന സ്ഥലം എന്നിവിടങ്ങളിൽ ഷെഡ് കെട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് നിരോധന നിയമ ലംഘനം പരിശോധിക്കുന്നതിനായി 4 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ